15454
5/10/16

# കേരള സർക്കാർ
## സംഗ്രഹം

ധനകാര്യ വകുപ്പ് - പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ദുർബലത പെൻഷൻ- വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ **(പെൻഷൻ-ബി)** വകുപ്പ്

സ.ഉ(അച്ചടി) നം. 146/16/ധന     തിരുവനന്തപുരം, തീയതി 2016 ഒക്ടോബർ 1.

---

പരാമർശം : 1) 06.03.2012 തീയതിയിലെ സ.ഉ(അച്ചടി) നം. 150/2012/ധന
2) 05/03/2016 തീയതിയിലെ സ.ഉ(അച്ചടി)നം. 35/2016/ധന
3) അക്കൗണ്ടന്റ് ജനറലിന്റെ 13/06/2016 തീയതിയിലെ പി.എം/2/ 6-123/16-17/119039/349 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ദുർബലത പെൻഷൻ നിരക്ക് 01.07.2009 മുതൽ ഏറ്റവും ചുരുങ്ങിയ കുടുംബ പെൻഷൻ തുകയ്ക്ക് തുല്യമായി പരിഷ്കരിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പരാമർശം 2 പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ 01.07.2014 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച് കൊണ്ട് ഉത്തരവായി. പ്രസ്തുത ഉത്തരവിൽ ദുർബലത പെൻഷന്റെ പരിഷ്കരിച്ച നിരക്ക് ഉൾപ്പെടുത്തിയിട്ടില്ലെന്ന് സൂചന 3 പ്രകാരം അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പാർട്ട് ടൈം ജീവനക്കാരുടെ ദുർബലത പെൻഷൻ നിരക്ക് 01-07-2014 മുതൽ മുൻകാല പ്രാബല്യത്തോടെ 1300/- രൂപയിൽ നിന്ന് 2460/- രൂപയായി വർദ്ധിപ്പിക്കുന്നു.

ii. പരിഷ്കരിച്ച ദുർബലത പെൻഷൻ 01-02-2016 മുതൽ പണമായി നൽകുന്നതാണ്.

iii. പെൻഷൻ പരിഷ്കരണത്തെത്തുടർന്നുള്ള കുടിശ്ശിക നാല് തുല്യ ഗഡുക്കളായി 01-04-2017, 01.10.2017, 01.04.2018, 01.10.2018 തീയതികളിൽ, പെൻഷണർ കൈപ്പറ്റാത്ത

കുടിശ്ശികയുടെ ഭാഗത്തിന് സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ടിന് അനുവദനീയമായ നിരക്കിലുള്ള പലിശ സഹിതം പണമായി നൽകുന്നതാണ്.

[ഉദാഹരണം: 10,000/- (പതിനായിരം) രൂപ കുടിശ്ശികയായി ലഭിക്കാനുള്ള ഒരു പെൻഷൻകാരന് ആദ്യ ഗഡുവായ 2500/- (രണ്ടായിരത്തി അഞ്ഞൂറ്) രൂപ, പതിനായിരം രൂപയ്ക്ക് 14 മാസത്തേക്ക് സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിന് അനുവദനീയമായ നിരക്കിലുള്ള പലിശ സഹിതം (ഇപ്പോൾ 8.7%) 01.04.2017 ലും, രണ്ടാമത്തെ ഗഡുവായ 2500/- രൂപ, ഏഴായിരത്തി അഞ്ഞൂറ് രൂപയ്ക്ക് 6 മാസത്തേക്ക് 8.7 ശതമാനം പലിശസഹിതം 01.10.2017 ലും, മൂന്നാമത്തെ ഗഡുവായ 2500 രൂപ, അയ്യായിരം രൂപയ്ക്ക് ആറു മാസത്തേക്ക് 8.7 ശതമാനം പലിശ സഹിതം 01.04.2018 തീയതിയും, അവസാന ഗഡുവായ 2500/- രൂപ രണ്ടായിരത്തി അഞ്ഞൂറ് രൂപയ്ക്ക് 6 മാസത്തേക്ക് 8.7% പലിശ സഹിതം 01.10.2018 തീയതിയും നല്കുന്നതാണ്].

3) പെൻഷണർ മരണപ്പെടുന്ന സാഹചര്യത്തിൽ കുടിശ്ശിക ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നിയമപരമായ അനന്തരവകാശികളിൽ നിന്ന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ ലഭിച്ചാൽ ഉടൻ തന്നെ കുടിശ്ശികയിൽ പെൻഷണർ കൈപ്പറ്റാത്ത ഭാഗം മുഴുവനായും ലഭ്യമാക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. കെ. എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പ് തലവന്മാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ്
സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ,തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി,എറണാകുളം
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
പബ്ലിക് റിലേഷൻസ് വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, ഐ&പി.ആർ.ഡി(കേരള ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നം.പെൻ.ബി1/32/16/ധന. |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാരുടെ ദുർബലത പെൻഷൻ 01-07-2014 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31.08.2016 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. എ. എസ്. സഫിയ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. കെ. എം. എബ്രഹാം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.09.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്. എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.09.2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. ടി. എം. തോമസ് ഐസക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08.09.2016 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20.09.2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാരുടെ ദുർബലത പെൻഷൻ 01-07-2014 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) 05/03/2016 തീയതിയിലെ സ.ഉ.(അ) നം. 35/2016 പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാരുടെ പെൻഷനും മറ്റാനുകൂല്യങ്ങളും 01/07/2014 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്ക്കരിച്ചു കൊണ്ട് ഉത്തരവായിരുന്നു. എന്നാൽ പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാരുടെ ദുർബലത പെൻഷന്റെ പുതുക്കിയ നിരക്ക് ഇതിൽ ചേർത്തിട്ടുണ്ടായിരുന്നില്ല. നേരത്തേ 06/03/2012 തീയതിയിലെ സ.ഉ (അ) നം.150/2012 പ്രകാരം ഈ വിഭാഗക്കാരുടെ ദുർബലത പെൻഷൻ ഏറ്റവും ചുരുങ്ങിയ കുടുംബ പെൻഷൻ തുകയ്ക്ക് തുല്യമായി പ്രതിമാസം 1300/- രൂപയാക്കി 01/07/2009 തീയതി മുതൽ പ്രാബല്യത്തോടെ പരിഷ്ക്കരിച്ചു കൊണ്ട് ഉത്തരവായിരുന്നു.

3) ഇതേ തത്വം അനുസരിച്ച് പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാരുടെ ദുർബലത പെൻഷൻ 05/03/2016 തീയതിയിലെ സ.ഉ (അ) നം. 35/2016 ഉത്തരവ് പ്രകാരം പരിഷ്ക്കരിച്ച ഏറ്റവും ചുരുങ്ങിയ പ്രതിമാസ കുടുംബ പെൻഷൻ തുകയ്ക്ക് തുല്യമായി പ്രതിമാസം 2460/- (രണ്ടായിരത്തി നാനൂറ്റി അറുപത്) രൂപയായി ഉയർത്താവുന്നതാണ്. പരിഷ്ക്കരിച്ച ദുർബലത പെൻഷൻ 01.02.2016 മുതൽ പണമായി നല്കാവുന്നതാണ്.

4) പെൻഷൻ പരിഷ്ക്കരണത്തെത്തുടർന്നുള്ള കുടിശ്ശിക താഴെപ്പറയും വിധം നാലുഗഡുക്കളായി പണമായി നൽകാവുന്നതാണ്.

പെൻഷൻ പരിഷ്ക്കരണത്തെത്തുടർന്നുള്ള കുടിശ്ശിക നാലു തുല്യ ഗഡുക്കളായി 01.04.2017, 01.10.2017, 01.04.2018, 01.10.2018 തീയതികളിൽ, പെൻഷണർ കൈപ്പറ്റാത്ത കുടിശ്ശികയുടെ ഭാഗത്തിന് സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ടിന് അനുവദനീയമായ നിരക്കിലുള്ള പലിശസഹിതം നല്കാവുന്നതാണ്.

[ഉദാഹരണം: 10,000/- (പതിനായിരം) രൂപ കുടിശ്ശികയായി ലഭിക്കാനുള്ള ഒരു പെൻഷൻകാരന് ആദ്യ ഗഡുവായ 2500/- (രണ്ടായിരത്തി

അഞ്ഞൂറ്) രൂപ, പതിനായിരം രൂപയ്ക്ക് 14 മാസത്തേക്ക് സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിന് അനുവദനീയമായ നിരക്കിലുള്ള പലിശ സഹിതം (ഇപ്പോൾ 8.7%) 01.04.2017 ലും, രണ്ടാമത്തെ ഗഡുവായ 2500/- രൂപ, ഏഴായിരത്തി അഞ്ഞൂറ് രൂപയ്ക്ക് 6 മാസത്തേക്ക് 8.7 ശതമാനം പലിശസഹിതം 01.10.2017 ലും, മൂന്നാമത്തെ ഗഡുവായ 2500 രൂപ, അയ്യായിരം രൂപയ്ക്ക് ആറു മാസത്തേക്ക് 8.7 ശതമാനം പലിശ സഹിതം 01.04.2018 തീയതിയും, അവസാന ഗഡുവായ 2500/- രൂപ രണ്ടായിരത്തി അഞ്ഞൂറ് രൂപയ്ക്ക് 6 മാസത്തേക്ക് 8.7% പലിശ സഹിതം 01.10.2018 തീയതിയും നല്കാവുന്നതാണ്].

പെൻഷണർ മരണപ്പെടുന്ന സാഹചര്യത്തിൽ കുടിശ്ശിക ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നിയമപരമായ അനന്തരവകാശികളിൽ നിന്ന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ ലഭിച്ചാൽ ഉടൻ തന്നെ കുടിശ്ശികയിൽ പെൻഷണർ കൈപ്പറ്റാത്ത ഭാഗം മുഴുവനായും ഉടൻ ലഭ്യമാക്കാവുന്നതാണ്.

5) ഉത്തരവിന് 01/07/2014 മുതൽ മുൻകാല പ്രാബല്യം നല്കാവുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാരുടെ ദുർബലതാ പെൻഷന്റെ നിരക്ക് 01/07/2014 മുതൽ മുൻകാല പ്രാബല്യത്തോടെ 1300/- രൂപയിൽ നിന്നും 2460/- രൂപയായി വർദ്ധിപ്പിക്കാവുന്നതാണ്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-09-2016.

ഫയൽ നം.പെൻ.ബി1/32/2016/ധന. ഇനം നം: 320

വിഷയം : ധനകാര്യ വകുപ്പ് - പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാരുടെ ദുർബലത പെൻഷൻ 01.07.2014 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

30/9.
JS pen
Pen.B.
30/9/16.